# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2895 22/06/2012-ൽ മറുപടിക്ക്

**ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് വിവർത്തനം ചെയ്തുകൊണ്ടുള്ള ഗ്രന്ഥം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | ചേർത്തല സ്വദേശി ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് വിവർത്തനം ചെയ്ത ഗ്രന്ഥം തയ്യാറാക്കി സർക്കാരിന് നൽകുകയും സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്നു കണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറുകയും ചെയ്ത ഗ്രന്ഥം എന്തു കൊണ്ടാണ് ഇനിയും പ്രസിദ്ധീകരിക്കാത്തത് എന്നു വ്യക്തമാക്കുമോ; | (എ) യും (ബി) യും | പുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതി 2006 ൽ സാംസ്കാരികപ്രസിദ്ധീകരണ വകുപ്പിൽ നിന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈപ്പറ്റി. ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നൊട്ടേഷനിൽ ആയതിനാൽ ടൈപ്പ്സെറ്റ് ചെയ്ത് പ്രസിദ്ധീകരണയോഗ്യമാക്കാൻ കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് പുസ്തകം പ്രസിദ്ധീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച ഗ്രന്ഥകാരന്റെ നിവേദനം സർക്കാർ മേൽനടപടികൾക്കായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് അയച്ചുകൊടുത്തു. തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ അന്വേഷണത്തിൽ കയ്യെഴുത്ത് പ്രതി,പരിശോധനാറിപ്പോർട്ട് എന്നിവ നഷ്ടപ്പെട്ടതായി കണ്ടെത്തി. ഇക്കാര്യം ഗ്രന്ഥകാരനെ അറിയിച്ചു. ടൈപ്പ്സെറ്റ് ചെയ്ത കയ്യെഴുത്ത് പ്രതി ഒരിക്കൽക്കൂടി ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിക്കാമെന്ന് ഗ്രന്ഥകാരൻ സമ്മതിക്കുകയും പുസ്തകം പ്രസിദ്ധീകരിക്കാമെന്ന് ഗ്രന്ഥകാരന് ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. കയ്യെഴുത്ത് പ്രതിയും പരിശോധനാറിപ്പോർട്ടും ലഭിക്കാത്തതിനാലാണ് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിയാത്തത്. കയ്യെഴുത്ത് പ്രതിയുടെ ടൈപ്പ്സെറ്റ് ചെയ്ത കോപ്പിയും പരിശോധനാറിപ്പോർട്ടും ഇൻസ്റ്റിറ്റ്യൂട്ടിനു ലഭിച്ചാൽ ഉടനെ തന്നെ പുസ്തകം പ്രസിദ്ധീകരിക്കുമെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇദ്ദേഹം അവസാനമായി ഇതു സംബന്ധിച്ച് സർക്കാരിന് നൽകിയ പരാതിയിലെ വിഷയങ്ങൾ പരിശോധിച്ചോ എന്നു പറയുമോ; ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ? | | |

Padmavathi (signature)

സെക്ഷൻ ഓഫീസർ